# പതിനാലാം കേരള നിയമസഭ

## രണ്ടാം സമ്മേളനം

### നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം.T 2985

### 18-10-2016 ലെ മറുപടിക്ക്

## കേരള അടിസ്ഥാന സൗകര്യ നിക്ഷേപ നിധി ബോർഡ്

| ചോദ്യം<br>ശ്രീ. കെ.എം. മാണി | മറുപടി<br>ശ്രീ. റ്റി.എം. തോമസ് ഐസക് (ധനകാര്യവും കയറും വകുപ്പ് മന്ത്രി) |
|---|---|
| (എ) കേരള അടിസ്ഥാന സൗകര്യ നിക്ഷേപ നിധി ആക്റ്റിലെ നാലാം വകുപ്പ് അനുസരിച്ച് കേരള അടിസ്ഥാന സൗകര്യ നിക്ഷേപ നിധി ബോർഡ് രൂപീകരിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ എന്നാണ് രൂപീകരിച്ചതെന്ന് അറിയിക്കുമോ; | 1999 ലെ പ്രധാന ആക്റ്റിലെ 4-ാം വകുപ്പ് പ്രകാരം ചീഫ് സെക്രട്ടറി അധ്യക്ഷനായി 04/11/1999 ന് കേരള അടിസ്ഥാന സൗകര്യ നിക്ഷേപ നിധി ബോർഡ് നിലവിൽ വന്നു. ഇതിനു പുറമേ 2016 ലെ കേരള അടിസ്ഥാന സൗകര്യ നിക്ഷേപ നിധി (ഭേദഗതി) ഓർഡിനൻസ് പ്രകാരം ഈ ബോർഡ് മുഖ്യമന്ത്രി അധ്യക്ഷനായി പുന:സംഘടിപ്പിച്ചിട്ടുണ്ട്. ഇപ്രകാരം പുന: സംഘടിപ്പിച്ചിട്ടുള്ള ബോർഡിൽ 7 സ്വതന്ത്ര അംഗങ്ങൾ ഉണ്ട്. പ്രസ്തുത സ്വതന്ത്ര അംഗങ്ങളിൽ രണ്ടംഗങ്ങളുടെ നിയമനകാര്യത്തിൽ അന്തിമ തീരുമാനം എടുത്ത ശേഷം, ഈ പുതിയ ബോർഡിന്റെ രൂപീകരണം ഗസറ്റ് വിജ്ഞാപനം വഴി നോട്ടിഫൈ ചെയ്യുന്നതാണ്. |
| (ബി) ഈ ബോർഡിൽ എത്ര വിദഗ്ധരായ അംഗങ്ങളെ നിയമിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കുമോ; അവരുടെ പേരു വിവരം നൽകുമോ ; | 9.9.2016 തീയതിയിലെ G.O(Ms)No.363/16/Fin ഉത്തരവ് പ്രകാരം 5 സ്വതന്ത്ര അംഗങ്ങളെ നിശ്ചയിച്ചിട്ടുണ്ട്. അവരുടെ പേരുകൾ ചുവടെ ചേർത്തിരിക്കുന്നു.<br>1. ഡോ.ഡി.ബാബു പോൾ (മുൻ ധനകാര്യ സെക്രട്ടറി, കേരള സർക്കാർ) |

| | |
|---|---|
| | 2. പ്രൊഫ.സി.പി.ചന്ദ്രശേഖർ (പ്രൊഫസർ, സെന്റർ ഫോർ ഇക്കണോമിക്സ് സ്റ്റഡീസ് ആന്റ് പ്ലാനിംഗ്)<br>3. പ്രൊഫ.സുശീൽ ഖന്ന (പ്രൊഫസർ, ഇക്കണോമിക്സ് ആന്റ് ഫിനാൻസ് ഐ.ഐ.എം, കൽക്കട്ട)<br>4. ശ്രീ.സലിം ഗംഗാധരൻ (മുൻ റീജിയണൽ ഡയറക്ടർ, റിസർവ്വ് ബാങ്ക് ഓഫ് ഇൻഡ്യ തിരുവനന്തപുരം).<br>5. ശ്രീ.ജെ.എൻ.ഗുപ്ത (മുൻ എക്സിക്യൂട്ടീവ് ഡയറക്ടർ, സെബി ആന്റ് മാനേജിംഗ് ഡയറക്ടർ, സ്റ്റേക്ക് ഹോൾഡെഴ്സ് എംപവർമെന്റ് സർവ്വീസസ്) |
| **(സി)** പ്രസ്തുത നിക്ഷേപനിധി മുഖേന സാമ്പത്തിക സഹായത്തിന് അർഹമായ ഏതെല്ലാം പ്രോജക്ടുകൾ നാളിതുവരെ അംഗീകരിച്ചിട്ടുണ്ട്; വിശദമാക്കാമോ? | 2016-17 ലെ പുതുക്കിയ ബഡ്ജറ്റ് പ്രസംഗത്തിൽ 2-ാം മാന്ദ്യ വിരുദ്ധ പാക്കേജ് പ്രകാരമുള്ള പ്രത്യേക നിക്ഷേപ പദ്ധതി പ്രഖ്യാപിക്കുകയും, ഈ പദ്ധതി പ്രകാരമുള്ള അടിസ്ഥാന സൗകര്യ വികസന പദ്ധതികൾ കിഫ്ബി വഴി നടപ്പിലാക്കാൻ തീരുമാനിക്കുകയും, അപ്രകാരം സമർപ്പിക്കപ്പെട്ട വിവിധ വകുപ്പുകളുടെ 104 പദ്ധതികളുടെ പ്രാഥമിക നിർദ്ദേശങ്ങൾ ഓൺലൈൻ ആയി കിഫ്ബിയ്ക്ക് സമർപ്പിക്കപ്പെട്ടിട്ടുണ്ട്.ഇതിന്റെ പരിശോധന നടന്നു വരുകയാണ്. പരിശോധനയ്ക്ക് ശേഷം യോഗ്യമായവ അടുത്ത മാസം കൂടുന്ന ബോർഡിന്റെ പരിഗണനയ്ക്ക് വയ്ക്കുന്നതാണ്. |

**സെക്ഷൻ ഓഫീസർ**